**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 758** **14-10-2026-ൽ മറുപടിയ്ക്ക്**

**മെന്റർ അധ്യാപകരുടെ നിയമനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. പി. പി. സുമോദ്

ശ്രീ. ടി. എം. ശശി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** ഗോത്ര വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി നിയമിച്ചിരുന്ന മെന്റർ അധ്യാപകരെ ജോലിയിൽ തുടരാൻ അനുവദിക്കാത്തത് സംബന്ധിച്ച് ഹൈക്കോടതി സർക്കാരിന് നോട്ടീസ് അയച്ചതായി പറയപ്പെടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** പ്രസ്തുത വിഷയത്തിൽ കോടതി നൽകിയ ഇടക്കാല ഉത്തരവ് ലംഘിച്ചതിലൂടെ കോടതിയലക്ഷ്യ നടപടികൾക്ക് സർക്കാർ വിധേയമാകേണ്ടിവന്നുവെന്ന് പറയപ്പെടുന്നതായ ആക്ഷേപം വസ്തുതാപരമാണോ;

**മറുപടി:** പ്രസ്തുത വിഷയം കോടതിയുടെ പരിഗണനയിലാണ്.

**(സി)** ഗോത്ര വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ മാതൃഭാഷയിൽ പഠിക്കാനും കൊഴിഞ്ഞുപോക്ക് ഗണ്യമായി കുറയ്ക്കാനും സഹായകമായിരുന്ന ഗോത്രബന്ധു പദ്ധതിയിൽ നിന്നും വർഷങ്ങളായി ജോലി ചെയ്തുവന്നിരുന്ന മെന്റർ അധ്യാപകരെ പിരിച്ചുവിട്ടത് പ്രസ്തുത മേഖലയിലെ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

**മറുപടി:** ഗോത്രബന്ധു പദ്ധതി പ്രകാരം തികച്ചും താൽക്കാലികമായി ഒരു അധ്യയന വർഷത്തേക്ക് മാത്രമാണ് മെന്റർ അധ്യാപകരെ നിയമിച്ചു വരുന്നത്. അധ്യയന വർഷാവസാനത്തിൽ (31.03.2026) ഇവരുടെ സേവനകാലാവധി സ്വാഭാവികമായി പൂർത്തിയാകുക മാത്രമാണ് ഉണ്ടായത്. മുൻ വർഷങ്ങളിൽ സേവനമനുഷ്ഠിച്ച അധ്യാപകരിൽ പലരും വിദ്യാലയം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ മുഖ്യ പിന്നോക്ക ഗോത്രവിഭാഗത്തിൽപ്പെട്ടവരല്ല എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ, പദ്ധതി കൂടുതൽ പ്രയോജനകരവും കുറ്റമറ്റതുമാക്കുന്നതിനാണ് പുതിയ ഭേദഗതികൾ വരുത്തിയത്. തനത് ഗോത്രഭാഷയും സംസ്കാരവുമായി നേരിട്ട് പൊരുത്തപ്പെടുന്ന അർഹരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത് പദ്ധതി കൂടുതൽ സുതാര്യമായ രീതിയിലും എഴുത്ത് പരീക്ഷ, അഭിമുഖം തുടങ്ങിയ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയും ഗോത്ര ബന്ധു പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനായി മുൻ അധ്യാപകരിൽ ചിലർ കോടതിയെ സമീപിച്ചതിനെത്തുടർന്നാണ്

നിലവിൽ നിയമപരമായ വ്യവഹാരങ്ങൾ ഉണ്ടാകാനിടയായത്. ഇതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയങ്ങളിൽ കോടതി ഉത്തരവുകൾക്ക് വിധേയമായി തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**(ഡി)** നിലവിലുള്ള അധ്യാപകരെ പിരിച്ചുവിട്ട് പുതിയ അധ്യാപകരെ നിയമിക്കാനായി തയ്യാറാക്കിയ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് കോടതി തടഞ്ഞ സാഹചര്യത്തിൽ,പിരിച്ചുവിടപ്പെട്ട ഗോത്രവിഭാഗം മെന്റർ അധ്യാപകരെ അടിയന്തരമായി ജോലിയിൽ തിരിച്ചെടുക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ?

**മറുപടി:** ഗോത്രബന്ധു പദ്ധതി പ്രകാരം ഓരോ അധ്യയനവർഷവും തികച്ചും താൽക്കാലികാടിസ്ഥാനത്തിൽ മാത്രമാണ് മെന്റർ ടീച്ചർമാരെ നിയമിക്കുന്നത്. അതിൻപ്രകാരം അധ്യയന വർഷാവസാനത്തിൽ സേവനകാലയളവ് സ്വാഭാവികമായി അവസാനിക്കുകയാണുണ്ടായത്. കഴിഞ്ഞ അധ്യയനവർഷം 31.03.2026-ന് അവരുടെ സേവനകാലയളവ് പൂർത്തീകരിച്ചു സേവനം അവസാനിച്ചിട്ടുള്ളതാണ്. പുതിയ നിയമനങ്ങൾക്കായി വകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ച് നടപടികൾ ആരംഭിച്ചിരുന്നുവെങ്കിലും, WP(C) No. 22392/2026, 22556/2026 എന്നീ കേസുകളിലെ 16.09.2026-ലെ ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേസ് ഫയൽ ചെയ്ത 34 മെന്റർ ടീച്ചർമാരെ നിയമിക്കണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, ഈ വിധിക്ക് എതിരെ ഫയൽ ചെയ്ത WA No. 1972/2026 കേസിലെ 01.10.2026-ലെ ഇടക്കാല ഉത്തരവ് പ്രകാരം "As an interim measure, we allow the respondents to fill up all vacancies, except the one presently occupied by the Petitioners" ബഹു. ഹൈക്കോടതി വകുപ്പിന് നിർദേശം നൽകിയിട്ടുണ്ട്.

16.09.2026-ലെ വിധിക്കെതിരെ റിട്ട് അപ്പീൽ (WA No.1972/2026) ഫയൽ ചെയ്യാൻ നിർദേശിച്ചിട്ടുണ്ട്. നിലവിൽ വിഷയം കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ, കോടതിയുടെ അന്തിമ വിധിയുടെ അടിസ്ഥാനത്തിലായിരിക്കും തുടർനടപടികൾ സ്വീകരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**